എ.വൈ.ആർ

ദേശസ്നേഹത്തിന്റെയും ദേശാഭിമാനത്തിന്റെയും പേരിൽ ജനങ്ങളെ ഇളക്കിവിടാനുദ്ദേശിച്ചുകൊണ്ട് ഫറവോൻ പറഞ്ഞു: ഇസ്രാഈല്യരുടെ ഈ രാജ്യദ്രോഹം കൈയും കെട്ടി നോക്കിയിരിക്കാൻ നമ്മുടെ അന്തസ്സും ദേശാഭിമാനവും അനുവദിക്കുന്നില്ല. നാം വീര്യവും ശൗര്യവും ജാഗ്രതയുമുള്ള ഒരു മഹാജനതയാണല്ലോ.



إِنَّ هَٰؤُلَاءِ لَشِرْذِمَةٌ قَلِيلُونَ ﴿٥٤﴾

54. ഇസ്രാഈല്യർ തുഛരായ ഒരു ശിഥില സംഘമാകുന്നു.

وَإِنَّهُمْ لَنَا لَغَائِظُونَ ﴿٥٥﴾

55. അവർ നമ്മെ രോഷാകുലരാക്കിയിരിക്കുന്നു.

وَإِنَّا لَجَمِيعٌ حَاذِرُونَ ﴿٥٦﴾

56. എന്നാൽ നമ്മളൊക്കെയും സദാ ജാഗരൂകരായിരിക്കേണ്ടതാണല്ലോ എന്നു വിളംബരപ്പെടുത്തുകയും ചെയ്തു.

فَأَخْرَجْنَاهُمْ مِنْ جَنَّاتٍ وَعُيُونٍ ﴿٥٧﴾

57. അങ്ങനെ തോട്ടങ്ങളിൽനിന്നും ജലധാരകളിൽനിന്നും നാം ഫറവോനികളെ പുറപ്പെടുവിച്ചു.

وَكُنُوزٍ وَمَقَامٍ كَرِيمٍ ﴿٥٨﴾

58. ഖജനാവുകളിൽനിന്നും രമ്യഹർമ്യങ്ങളിൽ നിന്നുമെല്ലാം.

كَذَٰلِكَ وَأَوْرَثْنَاهَا بَنِي إِسْرَائِيلَ ﴿٥٩﴾

59. അപ്രകാരമത്രെ നാം പാപികളോടു ചെയ്യുന്നത്. ഇസ്രാഈൽ മക്കളെ അതിനൊക്കെയും അവകാശികളാക്കുകയും ചെയ്തു.

**54-59**

إِنَّ هَٰؤُلَاءِ = തീർച്ചയായും ഇക്കൂട്ടർ (ഇസ്രാഈല്യർ)

لَشِرْذِمَةٌ قَلِيلُونَ = തുഛരായ ഒരു ശിഥില സംഘം തന്നെയാകുന്നു

وَإِنَّهُمْ لَنَا لَغَائِظُونَ = അവർ നമ്മെ രോഷാകുലരാക്കിയിരിക്കുന്നു/നമ്മോട് രോഷാകുലരായിരിക്കുന്നു

وَإِنَّا لَجَمِيعٌ = എന്നാൽ നമ്മളൊക്കെയും (സദാ)

حَاذِرُونَ = ജാഗ്രതയുള്ളവർ (ജാഗരൂകരായിരിക്കേണ്ടതും) ആണല്ലോ

فَأَخْرَجْنَاهُمْ = അങ്ങനെ നാം അവരെ (ഫറവോനികളെ) പുറപ്പെടുവിച്ചു

مِنْ جَنَّاتٍ = തോട്ടങ്ങളിൽനിന്ന് وَعُيُونٍ = ജലധാരകളിൽനിന്നും وَكُنُوزٍ = ഖജനാവുകളിൽനിന്നും

وَمَقَامٍ كَرِيمٍ = ഉന്നതമായ പാർപ്പിട(രമ്യഹർമ്യ)ങ്ങളിൽനിന്നും

كَذَٰلِكَ = അപ്രകാരമത്രെ (നാം പാപികളോടു ചെയ്യുന്നത്)

وَأَوْرَثْنَاهَا = നാം അതിനു (ഒക്കെയും) അവകാശികളാക്കുകയും ചെയ്തു بَنِي إِسْرَائِيلَ = ഇസ്രാഈൽ മക്കളെ

മാന്ത്രികന്മാരുടെ പരാജയവും വിശ്വാസപ്രഖ്യാപനവും തുടർന്നുണ്ടായ ജീവാർപ്പണവും ജനങ്ങളെ സംഭീതരാക്കിയിരുന്നു. അനന്തരം രാജ്യത്തുണ്ടായ ദുരിതങ്ങളും മൂസാ (അ) പ്രാർഥനയിലൂടെ അതൊക്കെ നീക്കിക്കളഞ്ഞതും അദ്ദേഹത്തിന് എന്തോ ചില ദിവ്യ ശക്തികളുണ്ടെന്ന വിശ്വാസത്തിൽ അവരെ എത്തിച്ചു. പക്ഷേ ഫറവോനെ പേടിച്ച് അതു തുറന്നുപറയാൻ ആളുകൾ തയാറായില്ല. ഈ സാഹചര്യത്തിൽ ഇസ്രാഈല്യർ അവരുടെ വഴിക്കു പൊയ്ക്കൊള്ളട്ടെ, അവരോട് കളിക്കുന്നത് ആപത്താണ് എന്നു ഫറവോനെ ഉപദേശിക്കുകയായിരുന്നു അവർ. വിജയകരമായ സൈനിക നടപടിക്ക് സൈനികരുടെ ആത്മവിശ്വാസവും ധൈര്യവും യുദ്ധവീര്യവും വളർത്തേണ്ടത് അനിവാര്യമാണല്ലോ. അതിനു വേണ്ടി ഫറവോൻ അഴിച്ചുവിട്ട പ്രചാരവേലയാണ് ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നത്. ഈ ഇസ്രാഈല്യർ ഐക്യവും ശക്തിയും സ്ഥൈര്യവുമില്ലാത്ത ശിഥിലമായ ചെറിയ ജനക്കൂട്ടമാണ്. لَشِرْذِمَةٌ قَلِيلُونَ എന്നാണ് മൂല വാക്ക്. ശിഥിലമായ സംഘമാണ് شِرْذِمَةٌ. കീറിപ്പറിഞ്ഞ വസ്ത്രത്തിന് ثَوْب شَرَاذِم എന്നു പറയും. شِرْذِمَةٌ -നു തന്നെ ചെറുസംഘം എന്നർഥമുണ്ടായിരിക്കെ അതിനെ വീണ്ടും قَلِيلُونَ -തുഛരായ- എന്നു വിശേഷിപ്പിച്ചത് ജനദൃഷ്ടിയിൽ ഇസ്രാഈല്യരെ തീരെ നിന്ദ്യരും നിസ്സാരരുമാക്കി കാണിക്കാനാണ്. നിന്ദ്യരും നിസ്സാരരുമാണെങ്കിലും മൂസാ എന്ന ഒരു മാന്ത്രികന്റെ നേതൃത്വത്തിൽ നമുക്കെതിരെ കലാപത്തിനിറങ്ങിയിരിക്കുകയാണവർ. അവർ രാജാവിന്റെ അധികാരത്തെ വെല്ലുവിളിക്കുന്നു. രാജ്യത്തിന്റെ സാംസ്കാരിക പൈതൃകത്തെയും വിശ്വാസാചാരങ്ങളെയും തള്ളിപ്പറയുന്നു. നമ്മോടുള്ള കൂറും വിധേയത്വവും വെടിഞ്ഞ് കൂട്ടത്തോടെ നാടുവിട്ടുപോകാൻ ഒരുമ്പെടുന്നു. രാജ്യദ്രോഹപരമായ ധിക്കാരം കൊണ്ട് നമ്മെ പ്രകോപിപ്പിക്കുകയാണവർ. لَغَائِظُونَ എന്ന വാക്യത്തിന് അവർ നമ്മെ രോഷാകുലരാക്കുന്നു, പ്രകോപിതരാക്കുന്നു എന്നും അവർ നമ്മോട് പകയുള്ളവരാകുന്നു എന്നും അർഥമാവാം. രണ്ടർഥവും ഇവിടെ സാധുവാകുന്നു. غَاظَ -യുടെ കർതൃപദമാണ് غَائِظ . കോപിച്ചു എന്ന അർഥത്തിലും പ്രകോപിപ്പിച്ചു എന്ന അർഥത്തിലും ഉപയോഗിക്കും. അടിമവംശമായ ഇസ്രാഈല്യർ വരേണ്യ വർഗമായ കോപ്റ്റിക്കുകളോട് രോഷം കൊള്ളുന്നുവെന്നാണ് രണ്ടാമത്തെ അർഥപ്രകാരം വചനതാൽപര്യം. തുടർന്ന് ദേശസ്നേഹത്തിന്റെയും ദേശാഭിമാനത്തിന്റെയും പേരിൽ ജനങ്ങളെ ഇളക്കിവിടാനുദ്ദേശിച്ചുകൊണ്ട് ഫറവോൻ പറഞ്ഞു: ഇസ്രാഈല്യരുടെ ഈ രാജ്യദ്രോഹം കൈയും കെട്ടി നോക്കിയിരിക്കാൻ നമ്മുടെ അന്തസ്സും ദേശാഭിമാനവും അനുവദിക്കുന്നില്ല. നാം വീര്യവും ശൗര്യവും ജാഗ്രതയുമുള്ള ഒരു മഹാജനതയാണല്ലോ. حذر -ൽനിന്നുള്ള ബഹുവചന കർതൃപദമാണ് حَاذِرُونَ . വരാനിരിക്കുന്ന വിപത്തു സംബന്ധിച്ച ഉത്കണ്ഠയും അതു തടയുന്നതിനുള്ള ജാഗ്രതയും തയാറെടുപ്പുമാണ് حِذْر. രാജ്യത്തിന്റെ ശത്രുക്കളെ പാഠം പഠിപ്പിച്ചു നിലക്കുനിർത്താൻ വേണ്ട ഉത്തിഷ്ഠതയും ജാഗ്രതയുമുള്ള ജനതയാണ് നമ്മൾ. രാജ്യദ്രോഹികളെ ശിക്ഷിക്കാനുള്ള ആവേശം തന്റേതുമാത്രമല്ല, മുഴുവൻ ജനതയുടേതുമാണ് എന്ന് പ്രത്യേകം സൂചിപ്പിക്കുകയാണ് إِنَّا لَجَمِيعٌ -നാം എല്ലാവരും- എന്ന വാക്യത്തിലൂടെ.

പടയാളികളെല്ലാം തലസ്ഥാനത്തെത്തിച്ചേർന്നപ്പോഴേക്കും മൂസാ(അ)യും സമുദായവും പുറപ്പെട്ടുകഴിഞ്ഞിരുന്നു. അവർ ആറു ലക്ഷമുണ്ടായിരുന്നുവെന്നാണ് ബൈബിൾ പറയുന്നത്. അതു വളരെ അതിശയോക്തിപരമായ കണക്കാണെന്ന് ചരിത്രഗവേഷകർ അഭിപ്രായപ്പെടുന്നു. ഏതായാലും ഇസ്രാഈല്യരേക്കാൾ വളരെ കൂടുതലായിരുന്നു ഫറവോൻ പടയാളികൾ. ഇസ്രാഈല്യരുടെ പുറപ്പാടറിഞ്ഞ ഫറവോൻ സ്വന്തം സൈന്യവുമായി അവരുടെ പിമ്പെ പുറപ്പെട്ടു. ഈ പുറപ്പാട് പക്ഷേ അവരുടെ അന്ത്യയാത്രയായിരുന്നു. തങ്ങളുടെ ഫലസമൃദ്ധമായ തോട്ടങ്ങളും മനോഹരമായ ജലധാരകളും സ്വർണവും വെള്ളിയും രത്നങ്ങളും നിറഞ്ഞ ഖജനാവുകളും അത്യുന്നതമായ മണിമേടകളുമെല്ലാം എന്നന്നേക്കുമായി ഉപേക്ഷിച്ചുപോവുകയായിരുന്നു. അതാണ്

فَأَخْرَجْنَاهُم مِّن جَنَّاتٍ وَعُيُونٍ ﴿٥٧﴾ وَكُنُوزٍ وَمَقَامٍ كَرِيمٍ ﴿٥٨﴾

എന്ന സൂക്തം പറയുന്നത്. അതായത്, തങ്ങൾ ഊറ്റംകൊണ്ടിരുന്ന കാർഷിക സമൃദ്ധിയും ജലസമൃദ്ധിയും വിഭവങ്ങൾ കൂട്ടിവെച്ച ഖജനാവുകളും കൊട്ടാരങ്ങളുമെല്ലാം ഉപേക്ഷിച്ച് ഇസ്രാഈല്യരെ പിന്തുടരാൻ അല്ലാഹു അവരെ ധൃഷ്ടരാക്കി. كَذَٰلِكَ -അപ്രകാരമാകുന്നു-എന്നതിനു ശേഷം نفعل بالمجرمين -നാം പാപികളോട് ചെയ്യുന്നത്-എന്നൊരു വാക്ക് അനുക്തമായിട്ടുണ്ട്. സത്യപ്രവാചകന്മാരെ തള്ളിക്കളഞ്ഞ് ശാഠ്യബുദ്ധിയോടെ പാപപങ്കിലമായ ജീവിതം നയിക്കുന്നവരോട് അല്ലാഹുവിന്റെ സമീപനം അവരറിയാതെ അവരെ മഹാനാശത്തിലേക്ക് നയിക്കുക എന്നതു തന്നെയാണ് എന്നു സാരം. وَأَوْرَثْنَاهَا بَنِي إِسْرَائِيلَ -ഇസ്രാഈല്യരെ നാം അതിന്റെ അനന്തരാവകാശികളാക്കി- എന്നു പറഞ്ഞതിന്റെ ആശയം ഫറവോനും കൂട്ടരും വിട്ടുപോന്ന വിഭവങ്ങളെല്ലാം അല്ലാഹു ഇസ്രാഈല്യർക്കു നൽകി എന്നല്ല, പ്രത്യുത ഫറവോനികൾക്ക് നഷ്ടപ്പെട്ടതുപോലുള്ള അനുഗ്രഹങ്ങൾക്ക് ഇസ്രാഈല്യരെ അവകാശികളാക്കി എന്നാണ്. മൂസാ നബിയും ഇസ്രാഈല്യരും പിന്നീട് ഈജിപ്തിലേക്ക് മടങ്ങിവന്നതായി ചരിത്രമില്ല. ഇസ്രാഈല്യർ പിന്നീട് ഫലസ്തീനിൽ പുനരധിവസിക്കുകയും അവിടത്തെ അനുഗ്രഹങ്ങൾക്കെല്ലാം ഉടമകളാവുകയുമാണുണ്ടായത്. *അൽ അഅ്റാഫ്* 137-ാം സൂക്തം അത് വ്യക്തമായി പറയുന്നുണ്ട്:

وَأَوْرَثْنَا الْقَوْمَ الَّذِينَ كَانُوا يُسْتَضْعَفُونَ مَشَارِقَ الْأَرْضِ وَمَغَارِبَهَا الَّتِي بَارَكْنَا فِيهَا

(അടിച്ചമർത്തപ്പെട്ടവരായിരുന്ന ജനതയെ, നമ്മുടെ അനുഗ്രഹങ്ങളാൽ സമൃദ്ധമാക്കിയ ദേശത്തിന്റെ പൂർവ-പശ്ചിമ ദിക്കുകൾക്കവകാശികളാക്കുകയും ചെയ്തു). ദൈവാനുഗ്രഹങ്ങളാൽ സമൃദ്ധമായ ദേശം- الأرض المباركة -കൊണ്ട് ഖുർആൻ വിവക്ഷിക്കുന്നത് ഫലസ്തീൻ ആണെന്നതിൽ തർക്കമില്ല. ■

فَأَتْبَعُوهُم مُّشْرِقِينَ ﴿٦٠﴾

60. നേരം പുലർന്നതും ഫറവോൻ അവരെ പിന്തുടർന്നു.

فَلَمَّا تَرَاءَى الْجَمْعَانِ قَالَ أَصْحَابُ مُوسَىٰ إِنَّا لَمُدْرَكُونَ ﴿٦١﴾

61. ഇരുസംഘവും പരസ്പരം കണ്ടപ്പോൾ മൂസായുടെ അനുയായികൾ വിലപിച്ചുതുടങ്ങി; നമ്മൾ പിടിക്കപ്പെട്ടതുതന്നെ.

قَالَ كَلَّا ۖ إِنَّ مَعِيَ رَبِّي سَيَهْدِينِ ﴿٦٢﴾

62. മൂസാ അവരോട് പറഞ്ഞു: ഒരിക്കലുമില്ല. എന്റെ കൂടെ എന്റെ വിധാതാവുണ്ട്. തീർച്ചയായും അവൻ എനിക്കു വഴികാണിച്ചുതരും.

**60-62**

فَأَتْبَعُوهُم = അവർ (ഫറവോനികൾ) അവരെ പിന്തുടർന്നു

مُشْرِقِينَ = പുലർകാലത്തിലായിക്കൊണ്ട് (നേരം പുലർന്നതും/കിഴക്കോട്ടായവരായിക്കൊണ്ട്)

فَلَمَّا تَرَاءَى الْجَمْعَانِ = ഇരു സംഘവും പരസ്പരം കണ്ടപ്പോൾ

قَالَ أَصْحَابُ مُوسَىٰ = മൂസായുടെ അനുയായികൾ പറഞ്ഞു (വിലപിച്ചുതുടങ്ങി)

إِنَّا لَمُدْرَكُونَ = നമ്മൾ പിടിക്കപ്പെട്ടതുതന്നെ قَالَ = (മൂസാ അവരോട്) പറഞ്ഞു كَلَّا = ഒരിക്കലുമില്ല

إِنَّ مَعِيَ رَبِّي = എന്റെ കൂടെ എന്റെ വിധാതാവുണ്ട് سَيَهْدِينِ = തീർച്ചയായും അവൻ എനിക്കു വഴി കാണിച്ചുതരും

തലസ്ഥാനത്തുനിന്ന് കിഴക്കോട്ട് സഞ്ചരിച്ച മൂസാ(അ)യും സംഘവും ചെങ്കടൽ തീരത്തെത്തിയപ്പോൾ വഴിമുട്ടി. ഫറവോന്റെ പടപ്പുറപ്പാടിനെക്കുറിച്ച് അല്ലാഹു നേരത്തേ മുന്നറിയിപ്പുനൽകിയതാണല്ലോ. പ്രഭാതമായപ്പോൾ ഫറവോൻ പട ഇസ്രാഈല്യരുടെ അടുത്തെത്തി. പ്രഭാതം, ഉദയം, ഉദയ സമയം, പ്രകാശം, കിഴക്കോട്ടാവൽ തുടങ്ങിയ ആശയങ്ങളുള്ള إشراق -ൽനിന്നുള്ള ബഹുവചന കർതൃപദമാണ് مشرقون. ഇതിന് സൈന്യം പ്രഭാതത്തിലായിരിക്കെ പിന്തുടർന്നുവെന്നും പിന്തുടർന്ന് കിഴക്കോട്ട് സഞ്ചരിച്ചുവെന്നും അർഥമാകാം. ആദ്യത്തെ അർഥപ്രകാരം താൽപര്യമിതാണ്: മൂസായും കൂട്ടരും രാത്രികാലത്ത് തങ്ങളുടെ കണ്ണുവെട്ടിച്ച് പെട്ടെന്ന് സ്ഥലം വിട്ടുകളഞ്ഞുവെന്ന് ഫറവോൻ മനസ്സിലാക്കിയത് നേരം പുലർന്നപ്പോഴാണ്. അപ്പോൾതന്നെ അയാളും പടയും അവരെ തേടിപുറപ്പെട്ടു. രണ്ടാമത്തെ അർഥമനുസരിച്ച് മൂസായുടെയും സംഘത്തിന്റെയും ലക്ഷ്യം സീനാമരുഭൂമിയോ അതിനപ്പുറമുള്ള ഫലസ്ത്വീനോ ആയിരിക്കുമെന്ന് മനസ്സിലാക്കിയ ഫറവോനും പടയും അവരെ പിന്തുടർന്ന് കിഴക്കോട്ട് സഞ്ചരിച്ചു. കടൽതീരത്ത് വഴിമുട്ടിനൽക്കുന്ന ഇസ്രാഈല്യർ ഫറവോന്റെ വരവ് കണ്ട് ഭയക്രാന്തരായി. മുന്നിൽ അലയടിക്കുന്ന അഗാധസാഗരം, പിന്നിൽ ആർത്തിരമ്പിവരുന്ന ഫറവോൻ പട. ഇനി ഒരു രക്ഷയുമില്ലെന്ന് അവരുറപ്പിച്ചു. തങ്ങൾ ഫറവോൻ പടയുടെ പിടിയിലകപ്പെട്ടതുതന്നെ എന്നവർ വിലപിക്കാൻ തുടങ്ങി. അവർ മൂസായെ ശകാരിച്ചുകൊണ്ടിരുന്നു: ഹേ മൂസാ, നിന്റെ തെറ്റായ തീരുമാനങ്ങളും നടപടികളുമാണ് നമ്മെ ഈ ഗതികേടിലെത്തിച്ചത്. മിസ്രയീമിൽ ഞങ്ങളെ കുഴിച്ചുമൂടാൻ സ്ഥലം പോരാത്തതുകൊണ്ടാണോ നീ ഈ കടപ്പുറത്തുകൊണ്ടുവന്ന് ഞങ്ങളെ കൊല്ലിക്കുന്നത്. പക്ഷേ മൂസാ (അ) നടുങ്ങിയില്ല. അദ്ദേഹം പറഞ്ഞു: "ഇല്ല, ഒരിക്കലും നമ്മൾ പിടിക്കപ്പെടാൻ പോകുന്നില്ല. ഇതെല്ലാം അല്ലാഹുവിന്റെ പരീക്ഷണമാണ്. അവന്റെ ആജ്ഞാനുസാരമാണ് നാം പുറപ്പെട്ടത്. അവൻ നമ്മോടൊപ്പം തന്നെയുണ്ട്. നമ്മുടെ പ്രതിസന്ധി കാണുന്നുമുണ്ട്. തീർച്ചയായും അവൻ നമുക്കൊരു രക്ഷാമാർഗം കാണിച്ചുതരികതന്നെ ചെയ്യും. അല്ലാഹു എനിക്കു നൽകിയ വാഗ്ദാനം ഒരിക്കലും ലംഘിക്കുകയില്ല.''

ബൈബിൾ ഈ സംഭവം വിവരിക്കുന്നതിങ്ങനെയാണ്: "ജനം ഓടിപ്പോയി എന്നു കേട്ടപ്പോൾ ഫറവോന്റെയും ദാസന്മാരുടെയും മനസ്സു മാറി. അവർ പറഞ്ഞു: നമ്മൾ ചെയ്തത് എന്താണ്? ഇസ്രയേൽ ജനത്തെ നമ്മുടെ ദാസ്യവൃത്തിയിൽനിന്ന് വിട്ടുകളഞ്ഞല്ലോ. അനന്തരം രാജാവ് തന്റെ രഥം ഒരുക്കി. വിശേഷപ്പെട്ട അറുനൂറു രഥവും ഈജിപ്തിലെ മറ്റെല്ലാ രഥങ്ങളും അവയിലെല്ലാം വേണ്ട ഉദ്യോഗസ്ഥന്മാരെയും കൂട്ടി സൈന്യത്തെ സജ്ജമാക്കി. കർത്താവ് ഈജിപ്ത് രാജാവായ ഫറവോന്റെ ഹൃദയം കഠിനമാക്കി. തന്നെ ധിക്കരിച്ചുപോയ ഇസ്രയേൽ ജനത്തെ അയാൾ പിന്തുടർന്നു. ഈജിപ്തുകാർ ഫറവോന്റെ എല്ലാ കുതിരകളും രഥങ്ങളും കുതിരപ്പടയും സൈന്യവും അവരെ പിന്തുടർന്നു. ബാൽസെഫോക്ക് അഭിമുഖമായി പീഹഹീരോദിന് അരികെ സമുദ്രത്തോടു ചേർന്ന് ഇസ്രയേൽക്കാർ പാളയമടിച്ചിരിക്കവെ ഈജിപ്തുകാർ അവരോട് അടുത്തു...

"ഫറവോൻ അടുത്തെത്തിയപ്പോൾ ഇസ്രയേൽ ജനം തല ഉയർത്തി നോക്കി. ഇതാ ഈജിപ്തുകാർ പിന്നാലെ അണിയണിയായി വരുന്നു. അതുകണ്ട് അവർ വല്ലാതെ ഭയപ്പെട്ടു. ഇസ്രയേൽ ജനം കർത്താവിന്റെ നേർക്ക് നിലവിളിക്കുകയും മോശയോടു ഇങ്ങനെ പറയുകയും ചെയ്തു: ഈജിപ്തിൽ ആറടി മണ്ണ് കിട്ടാഞ്ഞിട്ടാണോ ഞങ്ങളെ മരിക്കാനായി മരുഭൂമിയിലെക്ക് നീ കൊണ്ടുവന്നിരിക്കുന്നത്? ഈജിപ്തിൽനിന്ന് പുറത്തുകൊണ്ടുവന്ന് ഞങ്ങളോട് എന്താണ് നീ ചെയ്തിരിക്കുന്നത്? ഞങ്ങൾ നിന്നോടു പറഞ്ഞില്ലേ, ഈജിപ്തുകാർക്ക് വേല ചെയ്യാനായി ഞങ്ങളെ വിട്ടേക്കൂ എന്ന്. മരുഭൂമിയിൽ കിടന്നുമരിക്കുന്നതിനേക്കാൾ ഈജിപ്തുകാർക്കുവേണ്ടി അടിമപ്പണി എടുക്കുകയായിരുന്നു ഞങ്ങൾക്ക് നല്ലത്. മോശെ ജനത്തോടു പറഞ്ഞു: ഭയപ്പെടരുത്. ഉറച്ചുനിൽക്കൂ. കർത്താവ് ഇന്നു നിങ്ങൾക്കു നൽകുന്ന സംരക്ഷണം കണ്ടുകൊള്ളുക. ഇന്നു കാണുന്ന ഈജിപ്തുകാരെ നിങ്ങൾ ഒരിക്കലും കാണില്ല. കർത്താവ് നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും. നിങ്ങൾ അടങ്ങിയിരുന്നാൽ മാത്രം മതി'' (പുറപ്പാട് 14:5-14). ■